Vol.20 No.09 Sep. 2023

# കാരുണികൻ

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## സീറോ മലബാർ

സെപ്തംബർ 24, നിയ 9:1-6, മത്താ 17:14-21..........................................53
ഡോ. മൈക്കിൾ കാരിമറ്റം
ഫാ. സജി മാത്യു കണയങ്കൽ cst

ഒക്ടോബർ 01, നിയ 9:13-24, മത്താ 15:21-28 .........................................57
ഡോ. ഡേവിസ് പനക്കൽ cmi
ഫാ. ഷിന്റോ മംഗലത്ത് v.c

ഒക്ടോബർ 08, നിയ 10:12-20, മത്താ 18:1-9 ...........................................60
ഡോ. ആന്റണി തറേക്കടവിൽ
ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
ഫാ. ഷിബു പുളിക്കൽ

ഒക്ടോബർ 15, നിയ 11:1-9, മത്താ 20:1-16 ................................................63
ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഫാ. സുബിൻ കിടങ്ങേൻ

# നിയ 9:1-6
# മത്താ 17:14-21

സെപ്തംബർ 24, ഏലിയാ സ്ലീവാ മൂശ 4-ാം ഞായർ

## നിയ 9:1-6

### I. പശ്ചാത്തലം

വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകാവുന്ന ഭയവും വാഗ്ദത്തഭൂമി അവകാശപ്പെട്ട് കഴിയുമ്പോൾ സംഭവിക്കാവുന്ന അപകടങ്ങളും അനുസ്മരിപ്പിച്ചുകൊണ്ട് മോശ ജനത്തിനു ശക്തി പകരുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുന്നതിന്റെ വിവരണമാണ് നിയമാവർത്തന പുസ്തകം. അവർ ഭയപ്പെട്ടിരുന്ന ശത്രുക്കളുടെ നാട്ടിലേക്കാണ് ഇപ്പോൾ അവർ പ്രവേശിക്കാൻ പോകുന്നത്. കാദെഷ് ബർണയായിലെ ഭീരുത്വത്തെയും കലാപത്തെയും (സംഖ്യ 13-14) അനുസ്മരിപ്പിക്കുന്നതാണ് അനാക്കിമിന്റെ മക്കളെക്കുറിച്ചുള്ള പരാമർശം (നിയ 9:2). ഗതകാലസ്മരണകൾ വരുംകാലങ്ങൾക്ക് മാർഗദർശനമാകണം എന്ന ലക്ഷ്യത്തോടെയാണ് മോശയുടെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.

### II. പ്രമേയം

രണ്ട് അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പും താക്കീതും നല്കുന്നു. ഭയമാണ് ആദ്യത്തേത്. ഏല്പ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം പൂർത്തിയാക്കാൻ തങ്ങൾക്ക് കഴിവില്ല എന്ന ചിന്ത, ശത്രുക്കളുടെ ശക്തിയെക്കുറിച്ചുള്ള ധാരണ, ഇതെല്ലാം ഭയത്തിനു കാരണമാകാം. ഇതാണ് കാദെഷ് ബർണയായിൽ വച്ചു സംഭവിച്ചത്. അതിന്റെ ഫലമായിരുന്നു നാല്പതുവർഷത്തെ മരുപ്രയാണം. ഭയമരുത്; കർത്താവ് കൂടെയുണ്ടാകും. ഇതുവരെ വഴി നടത്തിയവൻ തുടർന്നു നയിക്കും എന്നു വിശ്വസിക്കുക. അതാണ് ഭയത്തെ മറികടക്കാൻ മാർഗം.

അഹങ്കാരമാണ് രണ്ടാമത്തെ അപകടം. വാഗ്ദത്ത ഭൂമിയെ കൈവശമാക്കിക്കഴിയുമ്പോൾ ഇത് തങ്ങളുടെ കഴിവും ശക്തിയുംകൊണ്ട് നേടിയെടുത്തതാണെന്നു കരുതി അഹങ്കരിക്കരുത്. ദൈവമാണ് നയിച്ചതും വിജയം

നല്കി അനുഗ്രഹിച്ചതും എന്ന കാര്യം മറക്കരുത്. അഹങ്കാരം നാശത്തിനു വഴിതുറക്കും. അതാണ് ജനത്തിനു പിന്നീട് സംഭവിച്ചത്. അതിന്റെ ഫലമായിരുന്നു ബാബിലോൺ പ്രവാസം. 'മോശയുടെ ചാവരുൾ' എന്ന് വിശേഷിപ്പിക്കുന്നെങ്കിലും നിയമാവർത്തനപുസ്തകം എഴുതപ്പെട്ടത് ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിലാണെന്നു മനസ്സിലാക്കുമ്പോൾ ഈ താക്കീതിന്റെ അർത്ഥവും ധ്വനികളും വ്യക്തമാകും.

## III. സന്ദേശം

ഭയംവേണ്ട, അഹങ്കാരം അരുത് എന്ന മോശയുടെ നിർദേശം എന്നും പ്രസക്തമാണ്. എന്നെ ഏല്പ്പിക്കുന്ന ദൗത്യം അതെത്ര ക്ലേശകരവും ദുഷ്കരവും എന്നു തോന്നിയാലും പൂർത്തിയാക്കാൻ കർത്താവ് കൂടെനിന്ന് സഹായിക്കും. അതിനാൽ ഭയപ്പെടേണ്ടാ. അതേസമയം എന്റെ കഴിവല്ല, ദൈവത്തിന്റെ ദാനവും സഹായവുമാണ് എന്റെ നേട്ടങ്ങൾക്കും വിജയങ്ങൾക്കും അടിസ്ഥാനം എന്ന് എപ്പോഴും ഓർമിക്കണം. നന്ദിയും വിനയവും മുഖമുദ്രയാക്കണം. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന ഗുരുമൊഴി (യോഹ 15:3) ഓർമയിൽ സൂക്ഷിക്കണം.

**ഡോ. മൈക്കിൾ കാരിമറ്റം**

# മത്താ 17:14 - 21

## I. പശ്ചാത്തലം

തിരഞ്ഞെടുക്കപ്പെട്ട മൂന്നു ശിഷ്യന്മാർ മലമുകളിൽ യേശുവിന്റെ മഹത്ത്വം ദർശിക്കുകയും പിതാവായ ദൈവത്തിന്റെ സ്വരം ശ്രവിക്കുകയും ചെയ്തപ്പോൾ ബാക്കി ഒമ്പതു പേർ താഴെ വലിയൊരു പരീക്ഷണം നേരിടുകയായിരുന്നു. പിശാചുബാധിതനായ ബാലനെ സുഖപ്പെടുത്തണം എന്ന പിതാവിന്റെ പ്രാർത്ഥനയ്ക്കുത്തരം നല്കാൻ അവർ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. മലമുകളിലെ രൂപാന്തരീകരണവും താഴ്വരയിലെ പരാജയവും തമ്മിലുള്ള വൈരുധ്യം ശ്രദ്ധേയമാണ്. ഇവയ്ക്കു മധ്യേ യേശുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ഒരു സൂചനയും ശിഷ്യന്മാരുടെ അജ്ഞതയും രേഖപ്പെടുത്തിയിരിക്കുന്നു.

## II. പ്രമേയം

ശിഷ്യന്മാരുടെ പരാജയത്തിൽ നിരാശനായ പിതാവ് യേശുവിനോടു യാചിക്കുമ്പോൾ ബാലനെ 'അപസ്മാര രോഗി' എന്നാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ യേശു ബാലനെ സുഖപ്പെടുത്തുന്നത് പിശാചിനെ ബഹിഷ്കരിച്ചുകൊണ്ടാണ്. അപസ്മാരവും പിശാചുബാധയും തമ്മിൽ ഇന്നു വ്യവച്ഛേദിക്കാൻ കഴിയുമെങ്കിലും യേശുവിന്റെ കാലത്ത് വ്യത്യാസം അറിയില്ലായിരു

ന്നു. തന്നെയുമല്ല എല്ലാവിധ രോഗങ്ങളും പ്രത്യേകിച്ച് മാനസിക രോഗങ്ങൾ, പിശാചുബാധയുടെ ഫലമാണ് എന്നു വിശ്വസിക്കപ്പെട്ടിരുന്നു.

ശിഷ്യന്മാർക്കു ബാലനെ സുഖപ്പെടുത്താൻ കഴിയാത്തത് ശിഷ്യന്മാരുടെ മാത്രമല്ല, രോഗശാന്തി തേടിവന്നവരുടെയും വിശ്വാസരാഹിത്യം മൂലമാണ് എന്ന് യേശു അവരെ അനുസ്മരിപ്പിക്കുന്നു. യേശു പിശാചിനെ ബഹിഷ്കരിച്ചു, ബാലനു സൗഖ്യം നല്കി. ശിഷ്യന്മാരുടെ ചോദ്യത്തിന് യേശു നല്കുന്ന മറുപടിയിൽ വിശ്വാസത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു. കടുകും മലയും തമ്മിലുള്ള താരതമ്യം അക്ഷരാർത്ഥത്തിൽ എടുക്കേണ്ട വിശദീകരണമല്ല, ആശയം വ്യക്തമാക്കുന്ന ഉപമയാണ്. എത്രവലിയ പ്രതിബന്ധത്തെയും മറികടക്കാൻ വിശ്വാസത്തിനു കഴിയും. മലയെ മാറ്റുക എന്നാൽ ദൈവഹിതം അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ നേരിടുന്ന പ്രതിബന്ധങ്ങളെയാണ് സൂചിപ്പിക്കുന്നത്.

## III. സന്ദേശം

ഒന്നും അസാധ്യമായിരിക്കില്ല എന്ന ഗുരുമൊഴി പ്രത്യേകം ശ്രദ്ധിക്കണം. എന്റെ എല്ലാ ഇഷ്ടങ്ങളും ആഗ്രഹങ്ങളും ദൈവം സാധിച്ചുതരും എന്ന് ഇതിനർത്ഥമില്ല. എന്നെ സംബന്ധിച്ച് ദൈവികപദ്ധതി, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ പൂർത്തിയാക്കാൻ ദൈവം സഹായിക്കും. ഇതാണ് വിശ്വസിക്കേണ്ടത്. ഇതാണ് മലയെ മാറ്റുന്ന വിശ്വാസം. അതിനാൽ ചോദിക്കുന്നതെല്ലാം കിട്ടിയെന്നുവരില്ല, ആഗ്രഹിക്കുന്നതെല്ലാം സാധിച്ചു എന്നും വരില്ല, ആദ്യം ദൈവത്തിന്റെ ഹിതം അന്വേഷിക്കണം (മത്താ 6:23), അനുസരിക്കണം. അപ്പോൾ ഒന്നും അസാധ്യമായിരിക്കില്ല. എന്റെ ആഗ്രഹങ്ങളും യാചനകളും എല്ലാം ദൈവഹിതമനുസരിച്ചാണോ എന്ന് ആദ്യമേ പരിശോധിക്കണം.

**ഡോ. മൈക്കിൾ കാരിമറ്റം**

## IV. പ്രസംഗം: വിശ്വാസജീവിതത്തിന്റെ ആഴം

വ്യക്തി ജീവിതത്തിൽ നാം നേരി ടേണ്ടിവരുന്ന സഹനങ്ങളും സംഘർഷങ്ങളും മാത്രമല്ല, ഈയടുത്ത കാലത്ത് നമ്മുടെ സഭയിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളും ചേരിതിരിവുകളും അതേ തുടർന്ന് സാമൂഹിക മാധ്യമങ്ങളിൽ കൂടെയുള്ള പരസ്പരമുള്ള പോർവിളികളും നമ്മുടെ ക്രിസ്തീയ സാക്ഷ്യത്തെയും വിശ്വാസ ജീവിതത്തെയും ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നതിനും സംശയമില്ല. കൗദാശിക ജീവിതത്തിന്റെ പ്രസക്തിയെയും വളരെ പ്രത്യേകമായി വിശുദ്ധ കുർബാനയോടുള്ള നമ്മുടെ സമീപനത്തെയും വളരെ വിമർശനാത്മകമായി സമീപിക്കുന്നവരുടെ എണ്ണവും ഇന്ന് വർധിച്ചിരിക്കുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ വിശ്വാസജീവിതത്തിന്റെ ദൃഢത

യെ സംബന്ധിച്ച ഈശോയുടെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ഇന്നത്തെ വചനഭാഗത്തിന്റെ ആന്തരികതയെ  അർത്ഥപൂർണമായി ധ്യാനിക്കാൻ നമുക്ക് ശ്രമിക്കാം.

വിശ്വാസജീവിതത്തിന്റെ അപരിമേയമായ അത്ഭുത ശക്തിയെയാണ് മത്തായി സുവിശേഷകൻ വ്യക്തമാക്കുന്നത്. അപസ്മാര രോഗബാധിതനായ ഒരുവനെ അവന്റെ പിതാവ് യേശുശിഷ്യരുടെ അടുക്കൽ കൊണ്ടുചെന്നു. അവനെ സുഖപ്പെടുത്താൻ അവർ  ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ശിഷ്യന്മാർക്ക്  ഇത് സാധ്യമായില്ല. യേശുവിന്റെ സാന്നിധ്യത്തിൽ, അവന്റെ വചനങ്ങൾ ശ്രവിച്ച മാത്രയിൽ പിശാച് ബാലനെ വിട്ടു പോയി, അവൻ സുഖം പ്രാപിച്ചു. ഈ പശ്ചാത്തലത്തിലാണ് വിശ്വാസമില്ലാത്തതും വഴി പിഴച്ചതുമായ തലമുറയെ ഈശോ ശാസിക്കുകയും വിശ്വാസത്തോടെ ജീവിക്കാൻ അവരോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നത്. ഫ്രാൻസിസ് പാപ്പ തന്റെ ആദ്യ ചാക്രിക ലേഖനത്തിന് നല്കിയ പേര് 'വിശ്വാസത്തിന്റെ വെളിച്ചം' എന്നായിരുന്നു. ഈ ചാക്രിക ലേഖനത്തിൽ വിശ്വാസജീവിതത്തെ ഒരു യാത്രയായാണ് പരിശുദ്ധ പിതാവ് വിശേഷിപ്പിക്കുന്നത്. തങ്ങളുടെ ജീവിതയാത്രയെ മുഴുവനും പ്രകാശമാനമാക്കുന്ന വെളിച്ചമാണ് ഒരു ക്രൈസ്തവന് വിശ്വാസ ജീവിതം.

ജീവിതത്തെ മുഴുവനും ക്രിസ്തുവാകുന്ന വെളിച്ചത്തിൽ നോക്കിക്കാണുന്ന ഒരു കാഴ്ചപ്പാടിനെയാണ് നാം വിശ്വാസം എന്ന് വിളിക്കുക. പരിശുദ്ധ പിതാവിന്റെ ഭാഷയിൽ,  താൽക്കാലികമായി നമ്മുടെ ജീവിതത്തെ വലയം ചെയ്യുന്നതും, ഒരുപരിധിവരെയും നമ്മെ ചൂഴ്ന്നുനില്ക്കുന്നതുമായ തമസ്സിന്റെ ഒരുപാട് ഭാവങ്ങൾ നമുക്ക് ചുറ്റും ഉണ്ടാവാം. എന്നാൽ ഇരുട്ടിന്റെ ഇത്തരം സമസ്തഭാവങ്ങളെയും അതിലംഘിക്കുന്ന  യഥാർത്ഥ പ്രകാശമാണ് വിശ്വാസമാകുന്ന ദീപ്തി.

നാം ജീവിക്കുന്ന ചുറ്റുവട്ടത്തേക്ക് നോക്കുമ്പോൾ ഒരുപക്ഷേ, നന്മയെക്കാളേറെ തിന്മയുടെ സ്വാധീനമായിരിക്കാം നാം കാണുന്നത്. നാം ജീവിക്കുന്ന സാമൂഹിക പരിതാവസ്ഥകളും നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ ഗതിയും നമ്മുടെ സഭാഗാത്രത്തെ മുറിപ്പെടുത്തുന്ന നിരവധി സംഭവവികാസങ്ങളും നമ്മുടെ വിശ്വാസജീവിതത്തെ ഉലയ്ക്കാൻ പര്യാപ്തമാണുതാനും. ഇത്തരം ജീവിത സാഹചര്യങ്ങളിലൊക്കെയും ക്രിസ്തുവിന്റെ അടുത്തേക്ക് പ്രത്യാശാപൂർവം അണയാനാണ് ഇന്നത്തെ തിരുവചനങ്ങൾ നമ്മെ ക്ഷണിക്കുന്നത്. കടുകുമണി വലുപ്പത്തിൽ ചെറുതാണ്. പക്ഷേ, അതിന്റെ ഉള്ള് നിറവാണ്. ബാഹ്യമായ വലിപ്പമോ ആകാരഭംഗിയോ അല്ല, ഹൃദയത്തിന്റെ നിറവാണ് – ഉള്ളിന്റെ നിറവാണ് – യഥാർത്ഥ ക്രിസ്തീയത എന്ന് യേശു ഇന്ന് സവിശേഷമായി നമ്മെ ഓർമിപ്പി ക്കുന്നു.

**ഫാ. സജി മാത്യു കണയങ്കൽ CST**

# നിയ 9:13 - 24

# മത്താ 15:21 - 28

ഒക്ടോബർ 01, ഏലിയാ സ്ലീവാ മൂശ 5-ാം ഞായർ

## നിയ 9:13 - 24

### I. പശ്ചാത്തലം

കർത്താവ് വാഗ്ദാനം ചെയ്ത വാഗ്ദത്തനാട്ടിലേക്ക് ഇസ്രായേൽജനം പ്രവേശിക്കുന്നതിനുമുമ്പ് മോശ ചെയ്ത പ്രസംഗത്തിലെ പ്രസക്തഭാഗങ്ങളാണ് ഇന്നത്തെ വചനഭാഗം. ദൈവത്തിൽനിന്ന് സ്വീകരിക്കുന്ന അനുഗ്രഹങ്ങളോടൊപ്പംതന്നെ ദൈവത്തെ നിരന്തരം ഓർക്കണമെന്നും മോശ ഓർമിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിന്റെ സ്വഭാവദൂഷ്യങ്ങൾ മോശ അവതരിപ്പിക്കുന്നുണ്ട്. ഈ ജനത്തെ നശിപ്പിച്ച് അവരുടെ പേരുപോലും ആകാശത്തിൻ കീഴിൽനിന്ന് നിർമാർജനം ചെയ്യാൻ ദൈവം ആഗ്രഹിച്ചിരുന്നു.

### II. പ്രമേയം

ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന കാനാൻ ദേശത്തേക്ക് ഇസ്രായേൽ ജനം പ്രവേശിക്കുന്നത് സ്വന്തം കഴിവുകൊണ്ടല്ല മറിച്ച് ദൈവത്തിന്റെ നീതീകരണപ്രവൃത്തിയിലൂടെയാണ്. "ഞാനല്ലാതെ മറ്റൊരു ദൈവം നിങ്ങൾക്കുണ്ടാകരുത് " എന്ന ദൈവത്തിന്റെ ആദ്യപ്രമാണലംഘനം തന്നെയാണ് കാളക്കുട്ടിയെ ആരാധിച്ചതുവഴി ഇസ്രായേൽ ജനം ചെയ്തത്. ദൈവത്തിന്റെ കോപത്തിനു മുമ്പിൽ മോശയുടെ പ്രാർത്ഥന ശക്തിപ്പെടുന്നു. വിശ്വാസരാഹിത്യവും ദൈവത്തിനെതിരെയുള്ള പ്രകോപനവും ധിക്കാരവും അവിടുത്തെ കുപിതനാക്കിയെങ്കിലും അനുഗ്രഹിക്കുന്ന ദൈവം ഇസ്രായേൽ ജനത്തെ കൈവിടാതെ പരിപാലിക്കുന്നു.

### III. സന്ദേശം

ഇസ്രായേൽ ജനത്തിന്റെ പാപത്തിനുമേൽ ദൈവത്തിന്റെ കാരുണ്യം ഉയർന്നു നില്ക്കുന്നു. ദൈവത്തിന്റെ കോപം ഉഗ്രതരമാക്കുന്ന കാര്യങ്ങളിൽ

ഏർപ്പെട്ടിട്ടും ഇസ്രായേൽ ജനത്തോട് ദൈവം കരുണ കാണിക്കുന്നു. മനുഷ്യന്റെ മധ്യസ്ഥപ്രാർത്ഥനക്കു മുമ്പിൽ മനസ്സു മാറ്റുന്ന ദൈവത്തെ ഇവിടെ കാണാം. മോശയുടെ നാല്പത് ദിവസത്തെ പ്രാർത്ഥന ഫലം ചൂടുന്നു, വരാമായിരുന്ന ശിക്ഷ അനുഗ്രഹമായി മാറുന്നു.

**ഡോ. ഡേവിസ് പനക്കൽ cmi**

# മത്താ 15:21- 28

## I. പശ്ചാത്തലം

ഗലീലി കടൽത്തീരത്ത് എത്തിച്ചേരുന്ന യേശു വളരെയേറെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നു. തുടർന്ന് ആന്തരികവും ബാഹ്യവുമായ ശുദ്ധിയെക്കുറിച്ച് യേശു പഠിപ്പിക്കുന്നു. അതിനുശേഷം യേശു ടയിർ, സീദോൻ എന്നീ ദേശങ്ങളിലെത്തുന്നു. അവിടെവച്ച് കാനാൻകാരി യേശുവിന്റെ പക്കൽ വന്ന് പിശാചുബാധിതയായ തന്റെ മകളെ സുഖപ്പെടുത്തണമെന്ന് കരഞ്ഞപേക്ഷിക്കുന്നതും തുടർന്ന് യേശു അവളുടെ യാചനകൾക്ക് ഉത്തരം നല്കുന്നതുമാണ് വചനസന്ദർഭം.

## II. പ്രമേയം

നഷ്ടധൈര്യരാകാതെ വിശ്വാസപൂർവം യേശുവിനോട് അപേക്ഷിക്കുന്നതെന്തും കരഗതമാക്കാൻ സാധിക്കുമെന്ന് കാനാൻകാരി പഠിപ്പിക്കുന്നു. അതിനേക്കാൾ ഉപരി യേശു ആരാണെന്നും, യേശുവിന് എനിക്കുവേണ്ടി എന്തെല്ലാം ചെയ്തുതരാൻ സാധിക്കുമെന്നും കൃത്യമായി മനസ്സിലാക്കിയിട്ടുള്ളവളാണ് ഈ സ്ത്രീ. യേശുവിനേക്കാൾ ഈ സ്ത്രീയാണ് മകളുടെ സൗഖ്യത്തിനായി മുൻകൈയെടുക്കുന്നതും തടസ്സങ്ങളെ അതിജീവിക്കുന്നതും.

## III. സന്ദേശം

വിനയാന്വിതയും സ്ഥിരോത്സാഹിയും ബുദ്ധിമതിയും ആഴമേറിയ വിശ്വാസമുള്ളവളുമാണ് കാനാൻകാരി. കരുണാമയനോട് കരുണ കാണിക്കാൻ പറഞ്ഞാൽ ഉപേക്ഷിക്കുമോ? അഹങ്കാരം സൗഖ്യത്തിനും ആത്മീയതയ്ക്കും തടസ്സമാണ്. ഇകഴ്ത്തുന്ന വാക്കുകൾ യേശു പറഞ്ഞിട്ടും യേശുവിലുള്ള വിശ്വാസം മുറുകെ പിടിച്ചത് പുത്രിയുടെ സൗഖ്യത്തിന് കാരണമായിത്തീരുന്നു. അതിനേക്കളുപരി, അവളുടെ വിശ്വാസത്തെ യേശു പ്രകീർത്തിക്കുകയും ചെയ്യുന്നു. മനുഷ്യൻ നിർമിച്ച സാമൂഹിക മതിലുകൾക്ക് അപ്പുറമാണ് യേശുവിന്റെ കാഴ്ച്ചപ്പാടും പ്രവർത്തനവും. കാനാൻകാരിയുടെ ആഴമേറിയ വിശ്വാസം മനുഷ്യനിർമിതമായ അതിരുകൾ അതിലംഘിക്കുന്നു.

**ഡോ. ഡേവിസ് പനക്കൽ cmi**

## IV. പ്രസംഗം: പ്രധാന നിമിഷങ്ങളിലെ നിലപാട്

യേശുവിനോടൊപ്പം കുരിശിൽ തറക്കപ്പെട്ട ആ കള്ളൻ തിന്മപ്രവർത്തികളാൽ ദൈവത്തിൽനിന്ന് അകന്നുപോവുകയും ദൈവഹിതത്തെ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ 'പ്രധാന നിമിഷ'ത്തിൽ അയാൾ കർത്താവിനെ ശ്രവിക്കുകയും അനുസരിക്കുകയും ചെയ്തു രക്ഷ സ്വന്തമാക്കി. ഫരിസേയർ ജീവിതകാലം മുഴുവൻ പൂർണത ലക്ഷ്യമാക്കി. മതപരമായ കാർക്കശ്യങ്ങളിൽ ജീവിച്ചു, എന്നാൽ രക്ഷകനായ മിശിഹാ അവതരിച്ചപ്പോൾ അവനെ തിരിച്ചറിയാനോ സ്വീകരിക്കാനോ കഴിഞ്ഞില്ല. അങ്ങനെ അവർ തിരസ്കൃതരായി. No man is an Island എന്ന പുസ്തകത്തിൽ തോമസ് മെർട്ടൺ നടത്തുന്ന ഈ നിരീക്ഷണം നമ്മുടെ ആത്മീയ ജീവിതത്തിന്റെ ജയപരാജയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

ദൈവം സംസാരിക്കുന്ന, ഇടപെടുന്ന ചില 'പ്രധാന നിമിഷ'ങ്ങൾ' (big moments) എല്ലാ മനുഷ്യരുടെയും ജീവിതത്തിലുണ്ട്. അത് തിരിച്ചറിയാതെയും സ്വീകരിക്കാതെയും പോകുന്നത് അനുഗ്രഹങ്ങളുടെ വാതിലടച്ചുകളയും. ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന കാനാൻകാരി സ്ത്രീ ആ 'പ്രധാന നിമിഷ'ത്തിൽ യേശുവിൽ വിശ്വസിക്കുകയും അനുഗ്രഹം സ്വീകരിക്കുകയും ചെയ്യുന്നു. അത്തരം നിമിഷങ്ങളിൽ പരാജയപ്പെട്ടു പോകുന്നവരുടെ നിരയിൽ ഇസ്രായേലിന്റെ രാജാക്കന്മാരും നേതാക്കന്മാരും യേശുവിന്റെ അപ്പസ്തോലന്മാരുമുണ്ട്. മോശ മലമുകളിൽ നിയമം സ്വീകരിക്കാനൊരുങ്ങുമ്പോൾ താഴെ അഹറോൻ ജനത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങി കാളക്കുട്ടിയെ നിർമിക്കുന്നത് 'പ്രധാന നിമിഷ' ത്തിൽ ദൈവസ്വരം കേൾക്കാൻ കഴിയാത്തതുകൊണ്ടാണ്. ദാവീദും പത്രോസും യൂദാസുമൊക്കെ ഏറ്റവും പ്രധാന നേരങ്ങളിൽ ദൈവസ്വരത്തിന് ചേരുന്ന തീരുമാനങ്ങൾ എടുക്കാൻ പരാജയപ്പെട്ടവരാണ്.

'വിശ്വാസം വലിയ വിശ്വാസ' ത്തിലേക്കു രൂപാന്തരപ്പെടുന്നത് ഈ സുവിശേഷഭാഗത്ത് തെളിയുന്നു. മറ്റ് സന്ദർഭങ്ങളിലേതുപോലെ അപേക്ഷിക്കുന്ന ഉടനെ ഈശോ അത്ഭുതം പ്രവർത്തിക്കുകയല്ല. അവളുടെ പ്രതീക്ഷയെ ഉടച്ചുകളയാൻ തക്കവിധം കഠിനമായ ചില വാക്കുകളാണ് അവളെ കാത്തിരിക്കുന്നത്. അവൾ പതറാതെ 'വിശ്വാസം വലുതാക്കി' ആ സാഹചര്യത്തെ മറികടന്നു. യേശുവിനെ വാക്കിൽ കുടുക്കാൻ ഫരിസേയർക്കോ നിയമപണ്ഡിതർക്കോ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ സ്ത്രീ ഈശോയെ 'വാക്കിൽ കുടുക്കി' അനുഗ്രഹം വാങ്ങിയെടുക്കുന്നു. പെട്ടെന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളെപ്രതി മാത്രമാണ് നമ്മുടെ വിശ്വാസമെങ്കിൽ ഈ സുവിശേഷ സന്ദർഭം നമുക്കുമൊരു പാഠമാണ്. കാറ്റിൽ പാറിപ്പോകുന്നതല്ല, ഏതു കൊടുങ്കാറ്റിലും ഉറച്ചുനില്ക്കുന്ന വേരോട്ടമുള്ള വിശ്വാസം. "വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ

*......ശേഷം പേജ് 66-ൽ*

# നിയ 10:12 - 20

# മത്താ 18:1 - 9

ഒക്ടോബർ 08, ഏലിയാ സ്ലീവാ മൂശ 6-ാം ഞായർ

## നിയ 10:12 - 20

### I. പശ്ചാത്തലം

നിയമാവർത്തന ഗ്രന്ഥം മുഴുവനും മരണത്തിനു മുമ്പായുള്ള മോശയുടെ വിടവാങ്ങൽ പ്രസംഗമാണല്ലോ. ഈജിപ്തിൽനിന്ന് പുറപ്പെട്ടതും ആദ്യത്തെ കണക്കെടുപ്പിൽ ഉൾപ്പെട്ടിരുന്നതുമായ (ലേവ്യ 1) തലമുറ മരുഭൂമിയിൽ മരിച്ചു വീണു. മോശ മരുഭൂമിയിൽ ജനിച്ച രണ്ടാം തലമുറയോട് സംസാരിക്കുന്നതിന്റെ ഒരു ഭാഗമാണ് ഇന്നത്തെ വചനഭാഗം. ദൈവം നല്കിയ നിയമങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇന്നത്തെ വചനഭാഗത്ത് മോശ വ്യക്തമാക്കുന്നത്.

### II. പ്രമേയം

ഉടമ്പടിയുടെ ഭാഗമായി ഇസ്രായേൽ ദൈവത്തെ ഭയപ്പെടുകയും (= ദൈവത്തെ ബഹുമാനത്തോടെ നോക്കുക; അവിടുത്തെ മുമ്പിൽ വിശുദ്ധരായി വർത്തിക്കുക) അവിടുത്തെ മാർഗത്തിൽ ചരിക്കുകയും (= അവർ ദൈവത്തിന്റെ ജനമായി ഉടമ്പടി ചെയ്തവരാണ്) അവിടുത്തെ സ്നേഹിക്കുകയും (= അവിടുത്തെ വിലയുള്ളവനായി കാണുക; വിലയുള്ളതായി നാം കാണുന്നതിനെയാണ് നാം സ്നേഹിക്കുക; ഏറ്റവും വലിയ പ്രമാണം ഒന്നാമതായി ദൈവത്തെ സ്നേഹിക്കുക എന്നതാണല്ലോ) പൂർണഹൃദയത്തോടും പൂർണാത്മാവോടും കൂടി അവിടുത്തെ സേവിക്കുകയും (= ആരാധനയിലൂടെ അനുദിനം അവിടുത്തെ ശുശ്രൂഷിക്കുക) അവിടുന്ന് നല്കിയ പ്രമാണങ്ങളും ചട്ടങ്ങളും അനുസരിക്കുകയും ചെയ്യുക എന്നതാണ് ചക്രവർത്തിയായ ദൈവം ഇപ്പോൾ തന്റെ കീഴിലുള്ളതും താനുമായി ഉടമ്പടി ചെയ്തതുമായ ഇസ്രായേലിനോട് ആവശ്യപ്പെടുന്നത് (10:12-14). ആകയാൽ ഹൃദയം തുറക്കുവിൻ (10:16) എന്ന് മലയാളത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത് ഹൃദയത്തെ പരിച്ഛേദനം ചെയ്യുവിൻ എന്ന കല്പനയാണ്.

## III. സന്ദേശം

പരിഛേദനം ചെയ്യുകയെന്നാൽ അഗ്രചർമം മുറിച്ചുകളയുക എന്ന് തന്നെ യാണാർത്ഥം. ദൈവവുമായി ചെയ്ത ഉടമ്പടിക്കും ദൈവത്തിന്റെ സ്വഭാവത്തി നും നിരക്കാത്തതിനെയെല്ലാം നമ്മിൽനിന്ന് മുറിച്ചു നീക്കണം. ഏതെങ്കിലും ഒരു ഉടമ്പടിയിൽ ഏർപ്പെടുക എന്നാൽ പുതിയ ഒരു ബന്ധത്തിലേക്കും പു തിയ ഒരു ജീവിതശൈലിയിലേക്കും പ്രവേശിക്കുക എന്നാണ് അർത്ഥം. വളരെ പ്രത്യേകിച്ച് നാം ഉടമ്പടി ചെയ്യുന്നത് വളരെ പ്രധാനപ്പെട്ടവരും ശക്തരു മായ വ്യക്തികളാണെങ്കിൽ.

**ഡോ. ആന്റണി തറേക്കടവിൽ**

# മത്താ 18:1- 9

## I. പശ്ചാത്തലം

വിശുദ്ധ മത്തായി അറിയിച്ച സുവിശേഷത്തിലെ അഞ്ചു മുഖ്യപ്രഭാഷ ണങ്ങളിൽ  നാലാമത്തേതിൽ നിന്നുള്ളതാണ് ഈ സുവിശേഷഭാഗം. ഈ ഭാഗത്ത് ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന കുഞ്ഞുങ്ങൾ ഈശോയിൽ വിശ്വ സിക്കുന്നവരെയാണു പ്രതിനിധാനം ചെയ്യുന്നത്. ആരാണ് സ്വർഗരാജ്യ ത്തി ൽ ഏറ്റവും വലിയവൻ എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് ഈശോ നല്കു ന്ന മറുപടിയായാണ് ഈ പ്രബോധനങ്ങളിലൂടെ സുവിശേഷകൻ അവതരിപ്പി ക്കുന്നത് (മത്താ 18:1).

## II. പ്രമേയം

സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴികളെക്കുറിച്ചുള്ള ചിന്തയായിരി ക്കണം അവിടുത്തെ ശിഷ്യന്മാർക്കു പ്രധാനമായും ഉണ്ടാകേണ്ടതെന്ന് അവിടു ന്നു ഓർമിപ്പിക്കുന്നു. വലുപ്പചെറുപ്പങ്ങളെക്കുറിച്ചുള്ള ചിന്ത സ്വർഗ രാജ്യത്തി നു ചേർന്നതല്ല. തന്റെ രാജ്യത്തിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവർക്കും ശുശ്രൂഷ ചെയ്യുന്ന ദാസനാകണം എന്ന് അവിടുന്നു തന്റെ പ ന്ത്രണ്ടു ശ്ലീഹന്മാരെയും ഉദ്ബോധിപ്പിക്കുന്നുണ്ടല്ലോ (മത്താ 20,24-28). സ്വ ർഗരാജ്യത്തിൽ പ്രവേശിക്കുക തന്നെ ദുഷ്കരമാണ്. കാരണം, മാനസാന്ത രപ്പെട്ടു ശിശുക്കളെപ്പോലെ ആകുന്നവനു മാത്രമേ അവിടെ പ്രവേശന മുള്ളു എന്നാണവിടുന്നു വ്യക്തമാക്കുന്നത്.

## III. സന്ദേശം

ചെറിയവരായ ശിശുക്കളെ മാതൃകയായി എടുത്തു കാണിച്ച അവിടുന്ന് അവ രെപ്പോലുള്ളവർക്ക് ഇടർച്ച നല്കാതിരിക്കാൻ മിശിഹാശിഷ്യരായ നമ്മൾ അതീവ ശ്രദ്ധാലുക്കളായിരിക്കണം എന്നും അവിടുന്ന് ഓർമിപ്പിക്കുന്നു.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

## IV. പ്രസംഗം: ആരാണ് വലിയവൻ

സ്വർഗരാജ്യത്തിലെ വലിയവൻ ആരാണെന്നും, ദുഷ്പ്രേരണകൾ നല്കരുതെന്നുമാണ് ഇന്നത്തെ സുവിശേഷം നമ്മെ ഓർമിപ്പിക്കുന്നത്.

ഒരിക്കൽ ശിഷ്യൻ ഗുരുവിനോട് ചോദിച്ചു: "എന്തുകൊണ്ടാണ് സാഗരം ഇത്ര വലുതായിരിക്കുന്നത്"? മറുപടിയായി ഗുരു പറഞ്ഞു, "സമുദ്രം ഏറ്റവും താഴെ കിടക്കുന്നതുകൊണ്ട്." എല്ലാ നദികളും ഒഴുകി എത്തുന്നത് സമുദ്രത്തിലേക്കാണ്. അങ്ങനെ എല്ലാ നദികളിൽ നിന്നും ജലം സ്വീകരിച്ച് സമുദ്രം വലുതായിരിക്കുന്നു.

പ്രഭാഷക വചനത്തിൽ പറയുന്നതുപോലെ "നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക, അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും" (പ്രഭാ 3:18). ഉത്തരം താങ്ങുന്ന പല്ലിയുടെ മനോഭാവമാണ് നമ്മുടേത്. ഒരിക്കലും വടവൃക്ഷം പോലെ ആകാതിരിക്കാൻ നമുക്ക് ശ്രമിക്കാം. കാരണം, വടവൃക്ഷത്തിന്റെ ചുവട്ടിൽ ഒന്നും വളരില്ല. സ്നാപകയോഹന്നാന്റെ വാക്കുകൾ കേൾക്കുക. "അവൻ വളരുകയും ഞാൻ കുറയുകയും വേണം"(യോഹ:3:30). 'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തൻ; അവന്റെ ചെരിപ്പ് വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല' (മത്താ 3: 11). യേശു സ്നാപകനെ പറ്റി പറയുന്നത് "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവൻ ഇല്ല. എങ്കിലും സ്വർഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനാണ്" (മത്താ 11:11) എന്നാണ്.

ഇത്രമാത്രം വലുതാകണമെങ്കിൽ എത്രയോ ചെറുതാകണമെന്ന് നമ്മൾ ഓർക്കണം. സ്വയം എളിമപ്പെടാൻ, ചെറുതാകാൻ സാധിക്കാത്ത ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്നാപകയോഹന്നാനും കാലിത്തൊഴുത്തും നമ്മെ ഓർമിപ്പിക്കുന്നത് എളിമപ്പെടാൻ ആണ്. ഒരു കുഞ്ഞിനെ എന്നേക്കാൾ പൊക്കമുള്ളവനാക്കാൻ ഞാൻ അവനെ എടുത്തു ഉയർത്തണം.അവനെ എടുത്തു ഉയർത്തണമെങ്കിൽ ഞാൻ അവന്റെ മുമ്പിൽ കുനിയണം. കുനിയലിന്റെ സംസ്കാരത്തിൽ നിന്നും നാം എത്രയോ അകന്നു പോയിരിക്കുന്നു. ദാനമായി ലഭിച്ചതല്ലാതെ മനുഷ്യന് സ്വന്തമായി കിട്ടിയതായി എന്തുണ്ട്? നമ്മൾ നേടിയതല്ല, എല്ലാം തന്നതാണ്. ശിശുവിന്റെ മനോഭാവമാണ് നമുക്ക് വേണ്ടത്. അതായത് ആശ്രയ മനോഭാവം. ശിശുസഹജമായ നൈർമല്യവും ആശ്രയ മനോഭാവവും നമുക്കുണ്ടാകണം. ദുഷ്പ്രേരണകൾ ഉണ്ടാകുന്നതല്ല കുഴപ്പം. ആരു വഴി അത് ഉണ്ടാകുന്നുവോ അവന് ദുരിതമെന്നാണ് വചനം പറയുന്നത്.

ആത്മീയ നിഷ്കളങ്കതയും പാപത്തിൽ നിന്നും ഓടിയക ലാനുള്ള വിവേകവും ദുഷ്പ്രേരണകൾ നല്കാതിരിക്കാനുള്ള കൃപയും നല്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഫാ. ഷിബു പുളിക്കൽ**

# നിയ 11:1- 9
# മത്താ 20:1- 16

ഒക്ടോബർ 15, ഏലിയാ സ്ലീവാ മൂശ 7-ാം ഞായർ

## നിയ 11:1- 9

### I. പശ്ചാത്തലം

നിയമാവർത്തന പുസ്തകം ക്രമീകരിച്ചിരിക്കുന്നത് പ്രാചീനകാലത്ത് രാജാക്കന്മാർ തമ്മിൽ നടത്തിയിരുന്ന ഉടമ്പടിയുടെ, പ്രത്യേകിച്ച് ഹിത്യരാജാക്കന്മാർ തമ്മിലുണ്ടാക്കിയിരുന്ന ഉടമ്പടിയുടെ മാതൃകയിലും പശ്ചാത്തലത്തിലുമാണ്. ഇസ്രായേലും ദൈവവും തമ്മിലുള്ള ഉടമ്പടി ഗ്രന്ഥമെന്ന വിധത്തിലാണ് നിയമാവർത്തന പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. 1:1-5 ആമുഖം; 1:6-11, 32 മുൻ കാലബന്ധം ആ ബന്ധം ഭദ്രമാക്കാനുള്ള ആഹ്വാനം; 12-26 ഉടമ്പടിവ്യവസ്ഥകൾ; 27 - 28 ശാപങ്ങളും അനുഗ്രഹങ്ങളും; 29 -31 ഉടമ്പടി മുദ്രവയ്ക്കൽ. മുൻകാല ബന്ധങ്ങൾ വിവരിക്കുന്നതിന്റെ അവസാനഭാഗമാണ് ഇന്ന് നിയമാവർത്തന പുസ്തകത്തിൽ നിന്നും വായിക്കുന്നത്. വാഗ്ദത്ത നാട് കരസ്ഥമാക്കുന്നതിനു മുമ്പ് ഹോറേബിൽ നടത്തിയ ഉടമ്പടി ഓർമിപ്പിച്ചു കൊണ്ട് മോശ സംസാരിക്കുകയായിരുന്നു. അതിന്റെ സമാപ്തി യാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

ഈ തിരുവചനഭാഗത്തിന്റെ സാരം ഇസ്രായേലിന് ദൈവവുമായുണ്ടാ യിരിക്കേണ്ട ബന്ധമാണ്. അത് ഉടമ്പടിയിൽ അധിഷ്ഠിതമായിട്ടുള്ളതാണ്. ഉടമ്പടി പാലിക്കുന്നതിലൂടെയുള്ള പരസ്പര ബന്ധത്തിൽ അധിഷ്ഠിതമാണ്. കർത്താവിന്റെ കല്പനകളും ചട്ടങ്ങളും അനുസരിക്കുന്നതിൽ അധിഷ്ഠിതമാണ്. അത്ഭുതങ്ങൾ പ്രവർത്തിച്ച് അനുഗ്രഹിക്കുന്നവൻ തെറ്റുകൾക്ക് ശിക്ഷ നല്കുന്നവനാണ്. കാരുണ്യവാനായ ദൈവം നീതിമാനുമാണ്.

### III. സന്ദേശം

ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം ഉടമ്പടി ബന്ധമാണ്. വിശ്വസ്ഥതയും ഉടമ്പടി പാലിക്കലും അതിന്റെ അഭിവാജ്യഘടകമാണ്. ഉടമ്പടിയോട്

വിശ്വസ്ഥതത പുലർത്തുന്ന ദൈവത്തെ നമുക്ക് ബൈബിളിൽ ഉടനീളം കാണാം. ആ ദൈവത്തോട് വിശ്വസ്ഥത പുലർത്തുകയാണ് ഇസ്രായേൽ ജനത്തിന് ശക്തരാകാനും വാഗ്ദത്ത നാട് കരസ്ഥമാക്കാനുമുള്ള മാർഗം.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

# മത്താ 20:1-16

## I. പശ്ചാത്തലം

സമ്പത്തുള്ളതുകൊണ്ട് നിത്യജീവന്റെ വഴി തിരസ്കരിക്കുന്ന ധനിക യുവാവിന്റെ അന്ധമായ കാഴ്ചപ്പാടും യേശുവിനെപ്രതി എല്ലാം ത്യജിക്കുന്നവന് നൂറിരട്ടി പ്രതിഫലവും നിത്യജീവനും ലഭിക്കും എന്ന യേശുവിന്റെ ആഹ്വാനവും വിരൽ ചൂണ്ടുന്നത് ഒരേ കാര്യത്തിലേക്കാണ്; നിന്റെ നോട്ടം നന്മനിറഞ്ഞതോ തിന്മനിറഞ്ഞതോ? ഇത് വ്യക്തമാക്കാൻ യേശു ഈ ഉപമ പറയുന്നു.

## II. പ്രമേയം

1. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിൽ ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ നീതിനിഷ്ഠയെക്കുറിച്ചാണ് വിവരിക്കുന്നത് (മത്താ 5:45).

2. 'ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു'? (20:15). ഗ്രീക്കുഭാഷയിൽ അക്കാലത്ത് ഉണ്ടായിരുന്ന ഒരു ഭാഷാപ്രയോഗമാണ് (idiom) ഈ ചോദ്യത്തിന് ആധാരം. അത് ഇങ്ങനെയാണ്: 'Is your eye evil because I am good?' തിന്മ നിറഞ്ഞ കണ്ണ് അഥവാ നോട്ടം (evil eye) എന്നതിന് ഗ്രീക്കിൽ ഒഫ്താൽമോസ് പൊണേരോസ് (ophthalmos poneros) എന്നാണ് വാക്ക്. ഈ പദം യേശു നേരത്തെ ഉപയോഗിച്ചിട്ടുണ്ട്: 'കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ (ophthalmos poneros) ശരീരം മുഴുവൻ ഇരുണ്ടുപോകും (മത്താ 6:22-23). അപ്പോൾ, ഈ ഉപമയിലെ പ്രധാന ആശയം 'കാഴ്ചപ്പാട്' ആണ്. എല്ലാം വാരികൂട്ടുന്ന, ത്യജിക്കാൻ തയ്യാറല്ലാത്ത മറ്റുള്ളവരോട് കരുണ തോന്നാത്ത കാഴ്ചപ്പാട് ക്രിസ്തുവിന്റെ കാഴ്ചപ്പാടിനു വിരുദ്ധമാണ്.

## III. സന്ദേശം

തിന്മനിറഞ്ഞ കണ്ണ് ദൈവത്തിന്റെ വഴികൾക്ക് വിരുദ്ധമാണ്. ഒരുവന്റെ ഉള്ളിലുള്ള വെളിച്ചത്തെപ്പോലും അത് അന്ധകാരത്തിലാഴ്ത്തും. എല്ലാം വെട്ടിപ്പിടിക്കുക എന്നതിനേക്കാൾ, ത്യജിച്ചു ജീവിക്കാനുള്ള മനസ്സുണ്ടാകുക എന്നതാണ് അഭികാമ്യം. സഹോദരന്റെ നന്മയിൽ അസൂയപ്പെടുന്നവൻ സ്വയം ഇരുട്ടിലേക്ക് തന്നെത്തന്നെ തള്ളിവിടുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

## IV. പ്രസംഗം: അസൂയ നിർമിക്കുന്ന ആപത്ത്

ഫുൾട്ടൺ ജെ. ഷീൻ തന്റെ 'വിക്ടറി ഓവർ വൈസ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം സൂചിപ്പിക്കുന്നു, ഈ ജീവിതത്തിൽ മെച്ചമായിട്ടുള്ളതെല്ലാം തനിക്കുവേണം. അതിനപ്പുറത്ത് ആർക്കുമുണ്ടാകരുത് എന്നു ചിന്തിക്കുന്നിടത്താണ് അസൂയയുടെ ആരംഭം. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ അസൂയ നിറഞ്ഞ ചിന്തകളെക്കുറിച്ചാണ് സുവിശേഷത്തിലെ പ്രതിപാദ്യം. അസൂയയാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരെ സ്വർഗ്ഗരാജ്യ അനുഭവത്തിൽനിന്നും അകറ്റുന്നത്.

ആദ്യം വന്നവരോടും അവസാനമണിക്കൂറിൽ വന്നവരോടും തുല്യവേദനമാണ് ഉടമസ്ഥൻ വാഗ്ദാനം ചെയ്യുന്നത്. ഇതിൽ എന്തു നീതിയെന്ന് സ്വാഭാവികമായും ചോദിച്ചുപോകും. അ താണ് അവരെ അസൂയയിലേക്ക് നയിക്കുന്നതും. അസൂയ മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നു. വിവിധ സമയങ്ങളിൽ ജോലിക്കെത്തുന്നവർക്കു അസൂയ ഉണ്ടാകുന്നു. അത് അവരെ തിന്മയിലേക്ക് നയിക്കുന്നു.

പഴയനിയമത്തിൽ അസൂയ മൂത്ത് മുന്തിരിത്തോട്ടം സ്വന്തമാക്കുന്ന കഥാപാത്രമാണ് ആഹാബ്. നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ രാജാക്കന്മാരുടെ 1-ാം ഗ്രന്ഥം 21 -ാം അധ്യായത്തിൽ കാണാൻ കഴിയും. മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നത് അസൂയയാണ്. എല്ലാവരും ഒത്തൊരുമയോടെ നിന്നാൽ മുന്തിരിത്തോട്ടത്തിലെ വിളവെടുപ്പ് ഭംഗിയായി പൂർത്തിയാക്കാം. മക്കൾ തമ്മിൽ നിരന്തരം വഴക്കുകൂടുന്ന ഒരു കുടുംബം. അപ്പൻ എത്ര ശ്രമിച്ചിട്ടും അവർ തമ്മിലുള്ള വഴ ക്കുകൾ പരിഹരിക്കാനാകുന്നില്ല. ഒരു ദിവസം അപ്പൻ ഒരു ഉപായം കണ്ടെത്തി.

മക്കൾ ഓരോരുത്തരേയും അടുത്തുവിളിച്ച് അവർക്ക് മൂന്നുപേർക്കും ഓരോ ജോലികൾ നൽകി. അവരോടു പറഞ്ഞു മുറ്റത്തുകിടക്കുന്ന വിറകുകഷണം രണ്ടായി ഒടിക്കണം. മുന്നുപേരും തങ്ങളുടെ കഴിവു തെളിയിക്കുവാൻ കിട്ടിയ അവസരം മുതലാക്കി വിറകുകഷണം ഒടിക്കുവാൻ ഓടി. മുന്നു പേരും മാറി മാറി ശ്രമിച്ചിട്ടും നടന്നില്ല. അവസാനം ഇളിഭ്യരായി വീണ്ടും പിതാവിന്റെ അടുത്തെത്തി. ആ പിതാവ് മക്കളോട് പറഞ്ഞു, നിങ്ങൾ മൂന്നുപേരും ഒരുമിച്ച് അത് ഒടിക്കുവാൻ നോക്കൂ. അപ്പോൾ നിങ്ങൾക്ക് അത് പിളർക്കുവാനാകും.

അവർ മൂന്നുപേരും ഒത്തൊരുമിച്ച് അത് ഒടിക്കാൻ നോക്കി. അത് വിജയിക്കുകയും ചെയ്തു. പിതാവ് മക്കളോട് പറഞ്ഞു, നിങ്ങൾ തനിയെ ശ്രമിച്ചപ്പോൾ പരാജയപ്പെട്ടുപോയി. എന്നാൽ മൂന്നുപേരും ചേർന്ന് പരിശ്രമിച്ചപ്പോൾ വിജയിച്ചു. ഇതുപോലെ എല്ലാവരും ഒത്തൊരുമയോടെ നിന്നാൽ ഏതുകാര്യവും നേടിയെടുക്കാൻ സാധിക്കും. മുന്തിരിത്തോട്ടം സ്വർഗ്ഗമാക്കാൻ വേലക്കാർ ഒത്തൊരുമയോടെ നിൽക്കണം. നമ്മുടെ വിവിധ ഉത്തരവാദിത്വങ്ങളും

Date of Publication: 25 September 2023 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 66)

സ്വകാര്യമേഖലകളും ദൈവം നമ്മുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്ന മുന്തിരിത്തോട്ടങ്ങളാണ്. എന്തുകിട്ടും എന്ന ചിന്താഗതിയാണ് മുന്തിരിത്തോട്ടത്തിലെ വേലക്കാരെ വേട്ടയാടിയത്. എന്നാൽ എന്തു തങ്ങൾക്ക് നല്കാനാകും എന്ന് ചിന്തിക്കാനായില്ല. നമ്മുടെയും ചിന്തകൾ എന്ത് നേടിയെടുക്കാം എന്നതിനെക്കുറിച്ചാണ്. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുടുംബത്തിൽ, സമൂഹത്തിൽ എന്തു നല്കാൻ സാധിക്കും എന്നു ചിന്തിക്കുന്നിടത്താണ് സ്വർഗ്ഗരാജ്യചിന്തകൾ വളരുന്നത്.

**ഫാ. സുബിൻ കിടങ്ങേൻ**

---

*......പേജ് 59-ൽ നിന്ന് തുടർച്ച*

നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരും ആകുകയും ചെയ്യും" (യാക്കോ 1:3-4).

നിലവിളിക്കും അനുഗ്രഹത്തിനുമിടയിൽ കാത്തിരിപ്പുകാലം കഠിനമാണ്. ആ സ്ത്രീ യേശുവുമായുള്ള സംവാദത്തിൽ മറികടക്കുന്നത് ആ ഘട്ടത്തെയാണ്. പഴയനിയമത്തിലെ യൗസേപ്പിന്റെയും ജോബിന്റെയുമൊക്കെ ജീവിതത്തിൽ അത് നീണ്ട സമയമായിരുന്നു. ദൈവം നിശബ്ദനായോ എന്നെ അവിടുന്ന് ഉപേക്ഷിച്ചുകളഞ്ഞുവോ എന്ന് നിലവിളിക്കുന്ന സങ്കീർത്തകനെ ഓർക്കുക. നിലവിളികൾ ദൈവസന്നിധിയിൽ എത്തുന്നില്ലെന്ന് തോന്നുമ്പോഴും ഇടറാതെ, ആശയറ്റുപോകാതെ കർത്താവിങ്കലേക്ക് നോക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... അപ്പോൾ നമ്മുടെയും വിശ്വാസം വലുതും ഉറപ്പുള്ളതുമായി മാറും.

തന്നെ പരിഹസിക്കുന്നുവെന്ന് തോന്നാവുന്ന വാക്കുകൾ മുഴങ്ങിയപ്പോഴും കാനാൻകാരി യേശുവിന്റെ കണ്ണുകളിലെ അണയാത്ത കനിവിന്റെ നാളം തിരിച്ചറിഞ്ഞു. തനിക്കുവേണ്ടി സ്നേഹം ചൊരിയാൻ അവിടുന്ന് കാത്തിരിക്കുന്നുവെന്നും അവൾ തിരിച്ചറിഞ്ഞു. ഈശോയോട് സംവാദം നടത്താൻ അവളെ പ്രേരിപ്പിച്ചത് ആ ധൈര്യമാണ്. നിരന്തരം ഈശോയെ നോക്കുക, അവന്റെ കണ്ണുകളിലെ സ്നേഹവും അലിവും ക്ഷമയും തിരിച്ചറിയുക.

**ഫാ. ഷിന്റോ മംഗലത്ത് V.C**

*Printed Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Ernakulam Dt, Printed at Viani Printings, Kochi-18*